പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 350</u> <u>10.04.2013-ൽ മറുപടിയ്ക്ക്</u>

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളും വികസന പ്രവർത്തനങ്ങളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. എ. പ്രദീപ്കുമാർ | | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളും വികസന പ്രവർത്തനങ്ങളും സ്വകാര്യവൽക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളും വികസന പ്രവർത്തനങ്ങളും സ്വകാര്യവൽക്കരിക്കാൻ നൽക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ സർക്കാർ ഫണ്ടിനുപരിയായി, പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾക്കായി സ്വകാര്യ നിക്ഷേപകരുടെ വിഭവശേഷി വിനിയോഗിച്ചുകൊണ്ടുള്ള പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികൾ (പി.പി.പി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. |
| (ബി) | എങ്കിൽ എന്തെല്ലാം സേവനങ്ങൾ പൊതു-സ്വകാര്യ പങ്കാളിത്തം (പി.പി.പി) വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ബി) | സേവനങ്ങൾ പൊതുസ്വകാര്യ പങ്കാളിത്തം (പി.പി.പി) വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല. അതേ സമയം മാർക്കറ്റ് കോംപ്ലക്സ് വികസനം, ബസ് ടെർമിനൽ കോംപ്ലക്സ്, കൊമേഴ്സ്യൽ/ഷോപ്പിംഗ് കോംപ്ലക്സ്, ഏര്യാ/കോമ്പോസിറ്റ് വികസനം, റോഡുകളും പാലങ്ങളും, വില്ലേജ് ലിങ്ക് റോഡുകളും പാലങ്ങളും, പാർക്കിംഗ് പ്ലാസകൾ, വിനോദ സഞ്ചാര വികസന കേന്ദ്രങ്ങൾ, ബീച്ച് വികസനം, മാംസ-മത്സ്യ-പച്ചക്കറി മാർക്കറ്റുകൾ, അമ്യൂസ്മെന്റ് പാർക്ക്, ഖരമാലിന്യം കൈകാര്യം ചെയ്യൽ എന്നീ മേഖലകളിലെ പദ്ധതികൾ പി.പി.പി. വ്യവസ്ഥയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ